**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4457** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ്സ് പോർട്ടലിലെ തകരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഇ-ഗ്രാന്റ്സ് പോർട്ടലിൽ പരിഷ്കാരങ്ങൾ വരുത്തിയതിനെ തുടർന്ന് പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർഥികളുടെ സ്കോളർഷിപ്പ് മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുക്കിയ ഇ-ഗ്രാന്റ്സ് പോർട്ടൽ 2018-19 വർഷം മുതൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ 2021-22 വർഷം മുതൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിന് പുതുക്കിയ കേന്ദ്ര മാർഗനിർദേശങ്ങൾ ലഭിക്കുകയുണ്ടായി. പ്രസ്തുത മാർഗനിർദേശപ്രകാരം സംസ്ഥാന സർക്കാർ, കേന്ദ്ര നിരക്കിലുള്ള സ്കോളർഷിപ്പ് തുകയുടെ 40% വിതരണം ചെയ്ത ശേഷം അതിന്റെ ഡാറ്റ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലേക്ക് റിയൽ ടൈം ഷെയറിങ് നടത്തുകയും പ്രസ്തുത ഡാറ്റയുടെ അടിസ്ഥാനത്തിൽ 60% തുക കേന്ദ്ര സർക്കാർ നേരിട്ട് കുട്ടികളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യുന്നതാണ്. പുതുക്കിയ കേന്ദ്ര മാർഗനിർദേശ പ്രകാരം തുക നൽകേണ്ടുന്ന സാഹചര്യം കണക്കിലെടുത്ത് ഇ-ഗ്രാന്റ്സ് പോർട്ടലിൽ പുന:ക്രമീകരണങ്ങൾ നടത്തുവാൻ നിശ്ചയിച്ചതിന്റെ ഭാഗമായി 2021-22 വർഷത്തെ രജിസ്ട്രേഷൻ/റിന്യൂവൽ താൽകാലികമായി നിർത്തി വച്ചിരുന്നു. എന്നാൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന അസൗകര്യം കണക്കിലെടുത്തും അടിയന്തിര സാഹചര്യം പരിഗണിച്ചും 25/10/2021 മുതൽ ഇ-ഗ്രാന്റ്സ് പോർട്ടൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. 2020-21 വരെയുള്ള എല്ലാ ക്ലെയിമുകളും നിലവിൽ മുടക്കം കൂടാതെ വിതരണം ചെയ്തിട്ടുണ്ട്. പുതുക്കിയ കേന്ദ്ര മാർഗനിർദേശ പ്രകാരം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചു വരികയാണ്. പുതുക്കിയ മാർഗനിർദേശം പ്രകാരം സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള പ്രായോഗിക പ്രശ്നങ്ങൾ കേന്ദ്ര മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപടികൾ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുക്കിയ ഇ-ഗ്രാന്റ്സ് |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | | പോർട്ടൽ 2018-19 വർഷം മുതൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ 2021-22 വർഷം മുതൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിന് പുതുക്കിയ കേന്ദ്ര മാർഗനിർദേശങ്ങൾ ലഭിക്കുകയുണ്ടായി. പ്രസ്തുത മാർഗനിർദേശപ്രകാരം സംസ്ഥാന സർക്കാർ, കേന്ദ്ര നിരക്കിലുള്ള സ്കോളർഷിപ്പ് തുകയുടെ 40% വിതരണം ചെയ്ത ശേഷം അതിന്റെ ഡാറ്റ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലേക്ക് റിയൽ ടൈം ഷെയറിങ് നടത്തുകയും പ്രസ്തുത ഡാറ്റയുടെ അടിസ്ഥാനത്തിൽ 60% തുക കേന്ദ്ര സർക്കാർ നേരിട്ട് കുട്ടികളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യുന്നതാണ്. പുതുക്കിയ കേന്ദ്ര മാർഗനിർദേശ പ്രകാരം തുക നൽകേണ്ടുന്ന സാഹചര്യം കണക്കിലെടുത്ത് ഇ-ഗ്രാന്റ്സ് പോർട്ടലിൽ പുന:ക്രമീകരണങ്ങൾ നടത്തുവാൻ നിശ്ചയിച്ചതിന്റെ ഭാഗമായി 2021-22 വർഷത്തെ രജിസ്ട്രേഷൻ/റിന്യൂവൽ താൽകാലികമായി നിർത്തി വച്ചിരുന്നു. എന്നാൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന അസൗകര്യം കണക്കിലെടുത്തും അടിയന്തിര സാഹചര്യം പരിഗണിച്ചും 25/10/2021 മുതൽ ഇ-ഗ്രാന്റ്സ് പോർട്ടൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. 2020-21 വരെയുള്ള എല്ലാ ക്ലെയിമുകളും നിലവിൽ മുടക്കം കൂടാതെ വിതരണം ചെയ്തിട്ടുണ്ട്. പുതുക്കിയ കേന്ദ്ര മാർഗനിർദേശ പ്രകാരം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചു വരികയാണ്. പുതുക്കിയ മാർഗനിർദേശം പ്രകാരം സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള പ്രായോഗിക പ്രശ്നങ്ങൾ കേന്ദ്ര മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ